**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6005** **25-03-2025 - ൽ മറുപടിയ്ക്ക്**

**ക്ലോവർ ലീഫ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖത്തെയും ഔട്ടർ റിംഗ് റോഡിനെയും ദേശീയ പാതയുമായി ബന്ധിപ്പിക്കുന്നതിനുള്ള ക്ലോവർ ലീഫ് പദ്ധതി നടപ്പാക്കുന്നതിന് എത്ര ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്ന് വിശദമാക്കാമോ; | (എ) | വിഴിഞ്ഞം തുറമുഖത്തു നിന്നും തുറമുഖ റോഡും, ഔട്ടർ റിംഗ് റോഡും, ദേശീയപാത NH66-മായി ബന്ധിപ്പിക്കുമ്പോൾ തുറമുഖ പാതയിലും ഔട്ടർ റിംഗ് റോഡിന്റെയും ദേശീയപാതയുടെയും ട്രാഫിക് കണക്കിലെടുത്ത് ഈ ജംഗ്ഷനെ ക്ലോവർലീഫ് ആയി നിർമ്മിക്കുന്നതിനുള്ള ഇന്റർസെക്ഷൻ സ്കീം NHAI യുടെ പരിഗണനയിലാണ്. ഇതിന് ഏകദേശം 14 ഹെക്ടർ ഭൂമി ആവശ്യമായി വരും എന്ന് കണക്കാക്കുന്നു. |
| (ബി) | ഭൂമി ഏറ്റെടുക്കുന്നതിന് എത്ര തുക വേണ്ടി വരുമെന്നും ഈ തുക എങ്ങനെ കണ്ടെത്തുമെന്നും വിശദമാക്കുമോ; | (ബി) | ഭൂമി ഏറ്റെടുക്കുന്നതിന് ഏകദേശം 312 കോടി രൂപ വേണ്ടിവരും. ഇതിനാവശ്യമായ തുക NHAI യും കേരള സർക്കാരും 50:50 എന്ന അനുപാതത്തിൽ പങ്കിടുന്നതിന് തത്വത്തിൽ തീരുമാനമായിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുമായി മുന്നോട്ടു പോകുന്നതിന് സർക്കാരിന് മുന്നിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് വിശദമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ